**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 542** **11-06-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിക്കാൻ സാധിക്കാത്തതിനാൽ വിവിധ തൊഴിലാളി ക്ഷേമ പെൻഷനുകൾ വാങ്ങുന്നവർക്ക് പെൻഷൻ ലഭിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. **സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് ഒരു കൈത്താങ്ങ് എന്ന നിലക്ക് സർക്കാർ അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതയുള്ളവർക്കെല്ലാം തന്നെ അനുവദിക്കുന്നതിനോടൊപ്പം അനർഹർ കൈപ്പറ്റുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. ആയതിനാലാണ് മസ്റ്ററിംഗ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.**<br><br>**2019-ൽ നടത്തപ്പെട്ട മസ്റ്ററിംഗ് മുഖേന ഒഴിവാക്കപ്പെട്ടവരുടെ കണക്കുകൾ പരിശോധിക്കുമ്പോൾ സർക്കാർ തലത്തിൽ വാർഷിക മസ്റ്ററിംഗ് നടപ്പാക്കുന്നതിന്റെ അനിവാര്യത വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് 2023-ൽ വാർഷിക മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വാർഷിക മസ്റ്ററിംഗിനായി സമയം അനുവദിച്ച് 28.03.2023-ലെ സ.ഉ.(കൈ) നം.58/2023/ധന പ്രകാരവും പ്രസ്തുത സമയം 2023 ജൂലൈ 31 വരെ നീട്ടി 27.06.2023-ലെ സ.ഉ.(കൈ)നം. 102/2023/ധന പ്രകാരവും ഉത്തരവായിരുന്നു. പിന്നീട് 01.08.2023-ലെ സ.ഉ.(കൈ)നം. 118/2023/ധന പ്രകാരം മസ്റ്ററിംഗിനായി അനുവദിച്ചിരുന്ന സമയം 2023 ആഗസ്റ്റ് 31 വരെ അന്തിമമായി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ആയതിനു ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപറ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു.** |

| | | | |
|---|---|---|---|
| | | | **മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുന്നതിനായും, മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ / ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിന് മുൻപുള്ള കാലയളവ്) സമയവും അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല.** |
| (ബി) | പ്രസ്തുത ആളുകൾക്ക് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ ഒരു അവസരം കൂടി നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. **സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് ഒരു കൈത്താങ്ങ് എന്ന നിലക്ക് സർക്കാർ അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതയുള്ളവർക്കെല്ലാം തന്നെ അനുവദിക്കുന്നതിനോടൊപ്പം അനർഹർ കൈപ്പറ്റുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. ആയതിനാലാണ് മസ്റ്ററിംഗ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.**<br><br>**2019-ൽ നടത്തപ്പെട്ട മസ്റ്ററിംഗ് മുഖേന ഒഴിവാക്കപ്പെട്ടവരുടെ കണക്കുകൾ പരിശോധിക്കുമ്പോൾ സർക്കാർ തലത്തിൽ വാർഷിക മസ്റ്ററിംഗ് നടപ്പാക്കുന്നതിന്റെ അനിവാര്യത വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് 2023-ൽ വാർഷിക മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വാർഷിക മസ്റ്ററിംഗിനായി സമയം അനുവദിച്ച് 28.03.2023-ലെ സ.ഉ.(കൈ) നം.58/2023/ധന പ്രകാരവും പ്രസ്തുത സമയം 2023 ജൂലൈ 31 വരെ നീട്ടി 27.06.2023-ലെ സ.ഉ.(കൈ)നം. 102/2023/ധന പ്രകാരവും ഉത്തരവായിരുന്നു. പിന്നീട് 01.08.2023-ലെ സ.ഉ.(കൈ)നം. 118/2023/ധന പ്രകാരം മസ്റ്ററിംഗിനായി അനുവദിച്ചിരുന്ന സമയം 2023 ആഗസ്റ്റ് 31 വരെ അന്തിമമായി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ആയതിനു ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപറ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു.** |

| | | | |
|---|---|---|---|
| | | | മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുന്നതിനായും, മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ / ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിന് മുൻപുള്ള കാലയളവ്) സമയവും അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല. |

സെക്ഷൻ ഓഫീസർ